"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. -കോഴിക്കോട് ജില്ല - ബാലുശ്ശേരി ബ്ലോക്കിൽ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കുന്നുമ്മൽ താഴെ കോവിലകം താഴെ താഴത്ത് കടവ് റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിയ്ക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.215/2025/DMD തീയതി,തിരുവനന്തപുരം, 04-04-2025

---

പരാമർശം:-

1. 18-01-2022 ലെ സ. ഉ. (സാധാ) നം. 54/2022/ഡി.എം.ഡി.
2. കോഴിക്കോട് ജില്ലാകളക്ടറുടെ 28.03.2025 ലെ DCKKD/5877/2022-F3 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച ബാലുശ്ശേരി ബ്ലോക്കിലെ കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട കുന്നുമ്മൽ താഴെ കോവിലകം താഴെ താഴത്തു കടവ് റോഡ് പുനരുദ്ധാരണ പ്രവൃത്തി ജൽജിവൻ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട റോഡായതിനാൽ ടി പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കാൻ സാധിച്ചിരുന്നില്ലെന്നും ടി പ്രവൃത്തി നിലവിൽ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതിനാൽ പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച ബാലുശ്ശേരി ബ്ലോക്കിലെ കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട കുന്നുമ്മൽ താഴെ കോവിലകം താഴെ താഴത്തു കടവ് റോഡ് പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കാവുന്നതും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിയ്ക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരളം, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം,
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/85/2025 -DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 04-04-2025 16:21:06

സെക്ഷൻ ഓഫീസർ

പകർപ്പ് : ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്